**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ക്രോഡീകരിച്ച ശിപാർശകൾ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ; വിശദാംശം നല്കാമോ; | (എ) | വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ക്രോഡീകരിച്ച ശിപാർശകൾ 27.01.2022 -ലെ SCDD/12293/2021-A1(ESTT A) നമ്പർ കത്ത് പ്രകാരം വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ; | (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തി പ്രവൃത്തി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാർ ഇല്ലാത്തതു മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മലപ്പുറം നഗരസഭയിൽ ഉൾപ്പെടെ മലപ്പുറം ജില്ലയിലെ പത്ത് നഗരസഭകളിൽ കൂടി പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശകളിൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ? | (സി) | ഉണ്ട്. മലപ്പുറം ഉൾപ്പെടെ വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തി പ്രവൃത്തി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രൊപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ